## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2279** **05/12/2018-ൽ മറുപടിയ്ക്ക്**

## അനാഥാലയങ്ങൾ പ്രവർത്തിപ്പിക്കുന്നതിലെ ബുദ്ധിമുട്ടുകൾ

| ചോദ്യം<br>ശ്രീ. ടി.എ അഹമ്മദ് കബീർ | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ -ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ബാലനീതി നിയമം (2015) പ്രകാരം അനാഥാലയങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയതിനെ തുടർന്ന് അനാഥാലയങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് . |
| (ബി) അനാഥാലയങ്ങൾ നിർത്തലാക്കുകയാണ് എന്ന് കാണിച്ച് എത്ര അപേക്ഷകളാണ് സാമൂഹ്യനീതി വകുപ്പിന് ലഭിച്ചിട്ടുള്ളത് ; | (ബി) ഓർഫനേജ് കൺട്രോൾ ബോർഡിന് 340 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 36 സ്ഥാപനങ്ങൾ നിർത്തലാക്കുകയാണെന്ന് കാണിച്ച് വനിതാ - ശിശുക്ഷേമ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്. |
| (സി) ഇത്തരത്തിൽ നിർത്തലാക്കാൻ നോട്ടീസ് നൽകിയ അനാഥാലയങ്ങളിലെ കുട്ടികളെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് അറിയിക്കാമോ; | (സി) അടച്ചുപൂട്ടപ്പെട്ട സ്ഥാപനങ്ങളിലെ കുട്ടികളെ, സർക്കാർ നേരിട്ട് നടത്തുന്നതടക്കമുള്ള മറ്റു ശിശുസംരക്ഷണ സ്ഥാപനങ്ങളിലേക്ക് മാറ്റുന്നതിനും, അച്ഛനമ്മമാർ ഉള്ളതും, സാമ്പത്തിക ബുദ്ധിമുട്ടുകാരണം ഹോമുകളിൽ കഴിഞ്ഞിരുന്നതുമായ കുട്ടികൾക്ക് സ്പോൺസർഷിപ്പ്, ഫോസ്റ്റർ കെയർ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. |
| (ഡി) ടി സ്ഥാപനങ്ങളിലെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഡി) പരിഗണനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**